179 (1) - ാം വകുപ്പിൽ നിബന്ധന ചെയ്തിരിക്കുന്നതനുസരിച്ച് 200-ാം വകുപ്പ് പ്രകാരം ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരമുപയോഗിച്ച് കെ. എസ്.ആർ.ടി.സിയിലെ ഇൻസ്പെക്ടർമാർക്കും അതിന് മുകളിലേക്കുള്ള ഉദ്യോഗസ്ഥന്മാർക്കും ടിക്കറ്റെടുക്കാതെ യാത്ര ചെയ്യുന്നവരിൽനിന്നും പിഴ ഈടാക്കാനുള്ള അധികാരം നൽകണമെന്ന് കോർപ്പറേഷന്റെ ആവശ്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) എം.വി. ആക്ട് 178 (1) അനുസരിച്ച് ടിക്കറ്റെടുക്കാതെയുള്ള യാത്ര ശിക്ഷാർഹമാണ്. എന്നാൽ ശിക്ഷ നടപ്പിലാക്കാൻ കെ.എസ്.ആർ. ടി.സി ഉദ്യോഗസ്ഥന്മാർക്ക്/ഇൻസ്പെക്ടർമാർക്ക് അധികാരം നൽകിയിട്ടില്ല.

(ഡി) പാസഞ്ചർ കോഡ്നടപ്പിൽ വരുത്തുവാൻ പരിപാടിയുണ്ട്. അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ, ഡെപ്യൂട്ടി കമ്മീഷണർ എന്നിവരുമായി ചർച്ച നടത്തി അവരുടെ അഭിപ്രായത്തോടൊപ്പം ഈ ശുപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. കെ.എം.വി. റൂൾ 227-ൽ പാസഞ്ചർ കോഡ് നിർവ്വഹിക്കപ്പെട്ടിട്ടുണ്ട്.

(ഇ) കെ.എസ്.ആർ.ടി.സിയിൽ അനുവദിക്കപ്പെട്ട മാനദണ്ഡമനുസരിച്ച് 1021 ഇൻസ്പെക്ടർമാരെ ആവശ്യമുണ്ട്. ഇപ്പോൾ 1013 പേർ ഈ തസ്തികയിൽ ജോലി ചെയ്യുന്നുണ്ട്. കുറവുള്ള ഒഴിവുകൾ പ്രൊമോഷൻ വഴി നികത്തുന്നതാണ്. മറ്റു ജോലികൾക്കായി നിയോഗിക്കപ്പെട്ടിരിക്കുന്ന ഇൻസ്പെക്ടർ വിഭാഗത്തിലുള്ളവരെ ഉടൻ തന്നെ ഇൻസ്പെക്ഷൻ വിഭാഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

15 (*448) വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് കേന്ദ്രസഹായം

ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനസംരക്ഷണ വികസനം, പുനരുദ്ധാരണം എന്നീ പ്രവർത്തനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) എന്ത് തുക ലഭിക്കുന്നതിനുള്ള എന്തൊക്കെ പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ രംഗത്ത് ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി നടപ്പാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന ഗവൺമെന്റ് ഈ രംഗത്ത് എന്ത് തുകയുടെ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിവരുന്നത്; വിശദാംശം നൽകുമോ;

(ഇ) സംസ്ഥാനത്തിന്റെ വനപ്രദേശങ്ങൾ കുറയാതെ സംരക്ഷിച്ച് നിർത്തുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ.എ. നീലലോഹിതദാസൻ നാടാർ) :

LIBRARY ARCHIVES Kerala Legislative Assembly

(എ)&(ബി) വനസംരക്ഷണം, വികസനം പുനരുദ്ധാരണം എന്നീ പ്രവർത്തനങ്ങൾക്കായി കേന്ദ്ര ഗവൺമെന്റിൽനിന്നും ധനസഹായം ലഭ്യമാക്കുന്നതിനായി താഴെപറയുന്ന പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്.

1. 5.18 കോടി രൂപ ചെലവ് വരുന്ന സംയോജിത വനവൽക്കരണവും പരിസ്ഥിതി വികസന പദ്ധതിയും.

2. ജവഹർ തൊഴിൽദാനപദ്ധതിപ്രകാരം ജനപങ്കാളിത്തത്തോടെ വനവൽക്കരണത്തിനും വനസംരക്ഷണത്തിനുമുള്ള അനുമതിക്കായി കേന്ദ്ര ഗ്രാമവികസന ദാരിദ്ര്യ നിർമ്മാർജ്ജന വകുപ്പിന് സമർപ്പിച്ച 21 കോടി രൂപയുടെ പദ്ധതികൾ.

3. സംസ്ഥാനത്ത് വനമേഖലകളിൽ ആദിവാസികളുടെ സജീവ പങ്കാളിത്തത്തോടുകൂടി ഔഷധ സസ്യസംരക്ഷണം ലക്ഷ്യമാക്കികൊണ്ട് വന പ്രിയ, വനസ്പതിവനം ഔഷധ സസ്യങ്ങളുടെ കൃഷി രീതിയുടെ വികസനം എന്നിവക്കുള്ള 22 കോടി രൂപയുടെ പദ്ധതികൾ.

4. ഇന്റർനാഷണൽ ബയോ ഡൈവേഴ്സിറ്റി സെന്റർ സ്ഥാപിക്കാനുള്ള 12 കോടി രൂപയുടെ പദ്ധതി.

(സി) പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

1. നീർമറി പ്രദേശങ്ങളിൽ നടപ്പാക്കുന്ന സംയോജിത വനവൽക്കരണവും പരിസ്ഥിതി വികസന പദ്ധതിയും - 8 എണ്ണം

2. ആഗോള പരിസ്ഥിതി സൗകര്യങ്ങൾക്ക് കീഴിലുള്ള ഇന്ത്യാ ഇക്കോ ഡവലപ്മെൻറ് പദ്ധതി

3. സാഞ്ചറി ഡവലപ്മെന്റ് പദ്ധതി

4. പ്രോജക്ട് ടൈഗർ (പെരിയാർ ടൈഗർ (പെരിയാർ ടൈഗർ റിസർവ്)

5. നീലഗിരി ബയോസ്പിയർ റിസർവ്വ്

6. പ്രോജക്ട് എലിഫന്റ്

7. വിറകിനും കാലിത്തീറ്റക്കും വേണ്ടിയുള്ള വികസനപദ്ധതി

8. തടിയിതര വനവിഭവ പദ്ധതി (ഔഷധ സസ്യങ്ങൾ ഉൾപ്പെടെ)

9. നൂതന അഗ്നിശമനോപാധികൾ

10. പത്താം ധനകാര്യ കമ്മീഷന്റെ സഹായത്തോടെ നടപ്പാക്കുന്ന ഷോലാ വികസന പദ്ധതി

(ഡി) സംസ്ഥാന ഗവൺമെന്റ് ഈ രംഗത്ത് നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ഇനി പറയുന്നവയാണ്.

1. യുക്തിസഹമായ വനഭൂമി വിനിയോഗം	180 ലക്ഷംരൂപ
2. പ്രകൃതിദത്ത വനങ്ങളുടെ മെച്ചപ്പെട്ട പരിപാലനം	1427 "
3. വനവിഭവ സ്രോതസ് മെച്ചപ്പെടുത്തുക	545 "
4. വനവിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗം	20 "
5. വനജീവി സംരക്ഷണം	625 "
6. വനഗവേഷണം	30 "
7. പരിശീലനം	3 "

LIBRARY ARCHIVES Kerala Legislative Assembly

8. സ്ഥാപനങ്ങൾ ശക്തമാക്കൽ	15	"
9. മോണിറ്ററിംഗും ഇവാലുവേഷനും	5	"
10. ഗ്രാമപഞ്ചായത്തുകൾക്കുള്ള ധനസഹായം	50	"

(ഇ) കേരളത്തിലെ വനപ്രദേശങ്ങൾ കുറയാതെ ഫലപ്രദമായി സംരക്ഷിക്കുന്നതിനുവേണ്ടി ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചും വനസംരക്ഷണ വിഭാഗം ജീവനക്കാർക്ക് ആവശ്യമായ വിദഗ്ദ്ധ പരിശീലനം നൽകിയും കാട്ടുതീയിൽനിന്നും വനങ്ങളെ സംരക്ഷിച്ചും വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. കൂടാതെ വനങ്ങളുടെ അതിർത്തി സർവ്വേ ചെയ്യുകയും ജണ്ട, കയാല എന്നിവ നിർമ്മിക്കുകയും ചെയ്യുന്നതിനും പദ്ധതി നിലവിലുണ്ട്.

16 (*449) കൃഷിവകുപ്പിന്റെ ഗവേഷണങ്ങൾ

ശ്രീ. എ.കെ. മണി :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കാർഷികരംഗം ചലനാത്മകമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന കാർഷിക സർവകലാശാലയും കൃഷിവകുപ്പും എന്തെല്ലാം വിധത്തിലുള്ള ഗവേഷണങ്ങളിലാണ് ഏർപ്പെട്ടിട്ടുള്ളത്;

(ബി) കാർഷിക സർവകലാശാലയുടേയും കൃഷിവകുപ്പിന്റെയും ഗവേഷണങ്ങൾ ജനങ്ങളിൽ എത്തുന്നുണ്ടോ എന്നുറപ്പാക്കാറുണ്ടോ;

(സി) എങ്കിൽ ഈ ഗവേഷണഫലങ്ങൾ ജനങ്ങളിൽ എത്തിച്ചേർന്നതിന്റെ ഫലമായി സംസ്ഥാനത്തെ പ്രധാന വിളകളിലുണ്ടായിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാം പറമ്പിൽ) :

(എ) സംസ്ഥാനത്തിന്റെ കാർഷികരംഗം ചലനാത്മകമാക്കുന്നതിനുവേണ്ടി കൃഷിയിലും അനുബന്ധ വിഷയങ്ങളിലും കാർഷിക സർവകലാശാല വിവിധ തരത്തിലുള്ള ഗവേഷണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. മെച്ചപ്പെട്ട വിത്തുകളും നടീൽ വസ്തുക്കളും, മുന്തിയ ഇനം വളർത്തുമൃഗങ്ങളും, മീൻ കുഞ്ഞുങ്ങളും ഉരുത്തിരിച്ചെടുക്കുക, ശാസ്ത്രീയ പരിപാലന മുറകൾ ആവിഷ്കരിക്കുക, രോഗപ്രതിരോധ നിവാരണ മാർഗ്ഗങ്ങൾ കണ്ടെത്തുക, ഉല്പന്നങ്ങളുടെ ശാസ്ത്രീയമായ സംസ്ക്കരണ രീതികൾ ഉരുത്തിരിച്ചെടുക്കുക, ലളിതവും മെച്ചപ്പെട്ടതുമായ കൃഷി ആയുധങ്ങളും യന്ത്രസാമഗ്രികളും വികസിപ്പിച്ചെടുക്കുക എന്നിവയിലാണ് സർവകലാശാല പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. കൃഷിവകുപ്പിന്റെ കീഴിലുള്ള മണ്ണുപരിശോധനാ ലാബുകളിൽ മണ്ണുപരിശോധന നടത്തിയതിന് അനുയോജ്യമായ വിളകൾ ശുപാർശ ചെയ്യുന്നു. കർഷകർക്ക് അപ്പോഴപ്പോൾ വേണ്ടുന്ന സഹായ സഹകരണങ്ങൾ കൃഷി ഓഫീസർമാർ ചെയ്തുകൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly